**നമ്പർ.ഡി.1/100/2012/ഡി.പി.ഐ.**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം. തിരുവനന്തപുരം,
തീയതി: 06.01.2012.

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം-വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം (ഗസറ്റഡ്) ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച്-

സൂചന:-

-----------

പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ (ഗസറ്റഡ്) വിഭാഗം ജീവനക്കാരുടെ 2012-ലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിയ്ക്കുന്നു. സ്ഥലംമാറ്റം ആവശ്യമുള്ള 10 ഒഴിവുകളുടെ പേര് മുൻഗണനാക്രമത്തിൽ നൽകാവുന്നതാണ്. ഒന്നിൽകൂടുതൽ അപേക്ഷകൾ അയച്ചാൽ ആദ്യം ലഭിക്കുന്ന അപേക്ഷ മാത്രമേ പരിഗണിയ്ക്കുകയുള്ളൂ. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഓപ്ഷൻ ഒരുകാരണവശാലും മാറ്റാൻ അനുവദിക്കുന്നതല്ല. എന്നാൽ ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്.

നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറവും സ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.

പൂരിപ്പിച്ച അപേക്ഷകൾ ഫെബ്രുവരി 10-ാം തീയതിയ്ക്കു മുൻപായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

(ഒപ്പ്)
**എ.ഷാജഹാൻ, ഐ.എ.എസ്,**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

//അംഗീകാരത്തോടെ//

സൂപ്രണ്ട്.

**പൊതുസ്ഥലംമാറ്റത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ:-**

1. നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ഒരു വർഷത്തിൽ താഴെമാത്രം സർവ്വീസ് ബാക്കിയുള്ള ഓഫീസർമാരുടെ അപേക്ഷ സീനിയോറിറ്റി നോക്കാതെ തന്നെ പരിഗണിക്കുന്നതാണ്.
2. നിലവിലുള്ള ഉത്തരവുകൾക്ക് വിധേയമായി ബാക്കിയുള്ള ഒഴിവുകൾ സീനിയോറിറ്റി പ്രകാരവും മറ്റ് മുൻഗണനാ വിഭാഗത്തിൽപ്പെട്ടവരെയും കൂടി പരിഗണിച്ച് സ്ഥലംമാറ്റം നടത്തുന്നതാണ്.
3. 31.07.2001 മുതൽ 07.01.2010 വരെയുള്ള സീനിയർ സൂപ്രണ്ട്മാരുടെ ഫയ്നൽ സീനിയോറിറ്റി ലിസ്റ്റ് (ഡി1/87275/10/ഡിപിഐ.തീയതി.01.01.2011) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് പ്രകാരമാണ് സീനിയോറിറ്റി കണക്കാക്കുന്നത്.
4. ജില്ലകളിൽ PA to D.EO ഒഴിവിലേയ്ക്ക് അപേക്ഷകൾ ഉണ്ടെങ്കിൽ ക്രമനം.2, 3 ഖണ്ഡികകളിലെ നിർദ്ദേശങ്ങൾക്കു വിധേയമായി സ്ഥലംമാറ്റം നടത്തുന്നതാണ്.
5. PA to D.EO യുടെ ഒഴിവിലേയ്ക്ക് അപേക്ഷകർ ഇല്ലെങ്കിൽ ആ ജില്ലയിലെ ഹയർ ഗ്രേഡ് ലഭിച്ച ഏറ്റവും ജൂനിയറായ സീനിയർ സൂപ്രണ്ടിനെ PA to D.EO തസ്തികയിലേയ്ക്ക് സ്ഥലംമാറ്റി നിയമിക്കുന്നതാണ്.
6. ഏതെങ്കിലും ജില്ലയിൽ ഹയർ ഗ്രേഡ് ലഭിച്ച സീനിയർ സൂപ്രണ്ട്മാർ ആരും ഇല്ലാതെ വരുകയും ആ ജില്ലയിൽ PA to D.EO തസ്തികയിൽ ഒഴിവുണ്ടാകുകയും ചെയ്താൽ തൊട്ടടുത്ത ജില്ലയിലെ ജൂനിയറായ ഹയർ ഗ്രേഡ് ലഭിച്ച സീനിയർ സൂപ്രണ്ടിനേയോ സർവ്വീസിൽ ഏറ്റവും ജൂനിയറായ ഹയർ ഗ്രേഡ് ലഭിച്ച സീനിയർ സൂപ്രണ്ടിനേയോ ആ ഒഴിവിലേയ്ക്ക് നിയമിക്കുന്നതാണ്.
7. സ്ഥലം മാറ്റം നടത്തിയതിനുശേഷം ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ജൂനിയർ സൂപ്രണ്ട്മാരെ സ്ഥാനക്കയറ്റം നൽകി നിയമിക്കുമ്പോൾ ഒരുവർഷത്തിൽ താഴെ മാത്രം സർവ്വീസുള്ളവരെ ഒഴിവുകളുടെ ലഭ്യതയ്ക്ക് വിധേയമായി സീനിയോറിറ്റി നോക്കാതെ സ്വന്തം ജില്ലയിൽ തന്നെ നിലനിർത്തുന്നതാണ്.
8. ഒരു ജില്ലയിൽ ക്രമ നം.7 പ്രകാരം ഉണ്ടാകുന്ന ഒഴിവിൽ ആ ജില്ലയിലുള്ളവരെ പരിഗണിച്ചശേഷം ബാക്കിയുള്ള ഒഴിവിലേയ്ക്ക് മാത്രമേ മറ്റ് ജില്ലകളിൽ നിന്നുള്ള വരെ പരിഗണിക്കൂ.
9. മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സ്ഥലത്ത് ജോലിചെയ്യുന്നവരുടെ സ്ഥാനത്തേയ്ക്ക് മറ്റ് അപേക്ഷകർ ഉണ്ടെങ്കിൽ ടി വ്യക്തി അപേക്ഷ നൽകിയിട്ടില്ലെങ്കിൽ പോലും പ്രസ്തുത സ്ഥാനത്തിലേയ്ക്കുള്ള അപേക്ഷ പരിഗണിക്കുന്നതാണ്.
10. സ്ഥലംമാറ്റ/സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ നിന്നും (www.education.kerala.gov.in) ഡൗൺലോഡ് ചെയ്തെടുത്ത് പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിക്കാവുന്നതാണ്.

ഒപ്പ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ.**

**Application for Transfer of Ministerial Staff (Gazatted)**

1. Name :

2. Designation :

3. Name of office :

4. Date of Birth :

5. Rank No.in the Seniority list of Sr.Superintendent. :

6. Native District/Place :

7. Was the posting to the present station/ Office at request :

8. Name of 10 stations to which transfer is Required in the order of preferences :
    1.
    2.
    3.
    4.
    5.
    6.
    7.
    8.
    9.
    10.

9. Ground for the request :

10. Whether the applicant is eligible for Preferences and if so, give details with Documental evidence.

11. Signature of the applicant with date :